(ബി) പ്രസ്തുത റോഡുകളുടെ മെയിന്റനൻസ് ഉൾപ്പെടെയുള്ള പണികൾ നടത്തേണ്ട ചുമതല അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു തന്നെയാണ്.

(സി) അതാതു ജില്ലകളിലെ പൊതുമരാമത്തുവകുപ്പു ഓഫീസുകളിൽനിന്നാണ് അറിയിച്ചിട്ടുള്ളത്. അറിയിപ്പ് പല ഡേറ്റുകളിലാണ് നൽകിയിട്ടുള്ളത്.

81 (225) പി.ഡ.ബ്ല്യു.ഡി. റോഡുകളുടെ ശോചനീയാവസ്ഥ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെടുമങ്ങാട് താലൂക്ക് ആശുപത്രി മുതൽ പഴക്കുറ്റിവരെ റീ ടാറിംഗ് ചെയ്യുന്നതിനുവേണ്ടി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ പണിക്കുവേണ്ടി ടെണ്ടർ വിളിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ടെണ്ടർ വിളിച്ച് പണി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. 1999-2000 വർഷത്തിലെ ഉപരിതലം പുതുക്കലിനുവേണ്ടി അനുവദിച്ചിട്ടുള്ള തുകയിൽ ഉൾപ്പെടുത്തി ടി പണി ചെയ്യാനുദ്ദേശിക്കുന്നു.

(സി) ഇല്ല.

(ഡി) നിർദ്ദേശം നൽകിയിട്ടുണ്ട്.

82 (226) ആലത്തൂർ മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. പ്രവർത്തനങ്ങൾ

ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന പി.ഡബ്ല്യു.ഡി. വർക്കുകൾ ഏതെല്ലാം; പ്രസ്തുത വർക്കുകൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി) നിലവിൽ പണി തുടങ്ങുന്നതിനായി എം.എൽ.എ.യുടെ എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്; എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) മണ്ഡലത്തിൽ എ.എസും എസ്.എസും ലഭിച്ച ഏതെല്ലാം വർക്കുകളുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എ.എസ്. ലഭിക്കുന്നതിനുള്ള നടപടികൾക്കായും, എസ്.എസ്. ലഭിക്കുന്നതിനുള്ള നടപടികൾക്കായും ഏതെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു; വിശദാംശം വ്യക്തമാക്കുമോ;

(ഇ) മണ്ഡലത്തിൽ കാലവർഷംമൂലം ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന റോഡുകൾ നന്നാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് റോഡുകളും പാലങ്ങളും വകുപ്പിന്റെ പണികളൊന്നും മണ്ഡലാടിസ്ഥാനത്തിൽ ഏറ്റെടുത്തിട്ടില്ല. ആലത്തൂർ സബ്ഡിവിഷന്റെ കീഴിൽ ഉൾപ്പെട്ട ആലത്തൂർ ഉൾപ്പെടുന്ന ഭാഗത്ത് ബഡ്ജറ്റ് വർക്കുകൾ ഒന്നുംതന്നെ ഏറ്റെടുത്തിട്ടില്ല. എന്നാൽ ആലത്തൂർ മണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

		എസ്റ്റിമേറ്റ് തുക രൂപ	ഇപ്പോഴത്തെ സ്റ്റേജ്
1	വടക്കാഞ്ചേരി പ്രീമെട്രിക് ഹോസ്റ്റൽ	10 ലക്ഷം	കെ.എസ്.ഡി.സി. എഗ്രിമെന്റ്വച്ച് മരങ്ങൾ മുറിച്ചുമാറ്റി സ്ഥലം ഏൽപ്പിച്ചിട്ടില്ല
2	വടക്കാഞ്ചേരി ടിബിയ്ക്ക് കൂടുതൽ ബ്ലോക്ക്	11 ലക്ഷം	തറയുടെ പണി പൂർത്തിയായി
3	ആലത്തൂർ ടിബിയ്ക്ക് കൂടുതൽ ബ്ലോക്ക്	11 ലക്ഷം	മേൽക്കൂരയുടെ പണി തീർന്നു. മിനുക്കുപണി നടന്നുകൊണ്ടിരിക്കുന്നു
4	കിഴക്കാഞ്ചേരിയിൽ മൃഗാശുപത്രി കെട്ടിട നിർമ്മാണം	3.15 ലക്ഷം	സിവിൽ പണി തീർന്നു
5	കിഴക്കാഞ്ചേരിയിൽ ഫാമിലി വെൽഫെയർ സെന്റർ	3.20 ലക്ഷം	സിവിൽ പണി തീർന്നു
6	മാന്നൂരിൽ ഫാമിലി വെൽഫെയർ സെന്റർ	3.35 ലക്ഷം	സിവിൽ പണി തീർന്നു
7	ആലത്തൂർ സബ് ജയിൽ മതിൽ നിർമ്മാണം	ഡെപ്പോസിറ്റ് 2.30 ലക്ഷം	പണി പൂർത്തിയായി

(ബി) പരിശോധിച്ചുവരുന്നു.

(സി) പൊതുമരാമത്ത് റോഡുകളും പാലങ്ങളും വിഭാഗത്തിൽ ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ച വർക്കുകൾ(ബഡ്ജറ്റഡ്) ഒന്നുംതന്നെയില്ല. പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് ചോദ്യം 'എ'യിൽ പ്രതിപാദിച്ച പണികൾക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

(ഡി) ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിനുവേണ്ടി താഴെപ്പറയുന്ന വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എഞ്ചിനീയർ (റോഡുകളും പാലങ്ങളും) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. കണിച്ചിപരുന്ന റോഡ്- കി.മീ. 0/00 മുതൽ 4/00 വരെ 25 ലക്ഷം രൂപ.
2. കുണ്ടുകാട് - ചിറ്റടിറോഡ് - കി.മീ. 0/0 മുതൽ 0/500 വരെ 40 ലക്ഷം രൂപ.

(ഇ) ഉപരിതലം പുതുക്കുന്നതിനുവേണ്ടി (മെയിന്റനൻസ്) താഴെ പറയുന്ന പണികൾ ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്നു.

1. റിവ്യൂവൽ പ്രോഗ്രാം-വടക്കാഞ്ചേരി പൊളാച്ചി- കി.മീ. 6 മുതൽ 12 വരെ - 9 ലക്ഷം രൂപ.
2. എരട്ടക്കുളം - വാണിയംപാറ - കി.മീ. 6 മുതൽ 12 വരെ 12 ലക്ഷം രൂപ.
3. എരട്ടക്കുളം - വാണിയംപാറ - കി.മീ. 12 മുതൽ 13 വരെയും 14 മുതൽ 15/500 വരെയും 7 ലക്ഷം രൂപ.

83 (227) ബ്രിഡ്ജസ് കോർപ്പറേഷൻ രൂപീകരിക്കാൻ നടപടി

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പാലങ്ങളുടെ നിർമ്മാണപ്രവർത്തനത്തിനായി ബ്രിഡ്ജ് കോർപ്പറേഷൻ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തന പരിധിക്കുള്ളിൽ റോഡുകളുടെ നിർമ്മാണ പ്രവർത്തനവും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നിലവിലുള്ള പ്രധാന റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിൽ ഉണ്ടാകുന്ന കുഴപ്പങ്ങൾമൂലം പല റോഡുകളും സഞ്ചാരയോഗ്യമല്ലാതായി തീർന്നിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പുതിയ കോർപ്പറേഷനിലൂടെ റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) സംസ്ഥാനത്ത് റോഡുകളുടെയും പാലങ്ങളുടെയും വികസനം ലക്ഷ്യമാക്കി 'റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്' എന്ന പേരിൽ ഒരു കോർപ്പറേഷൻ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ഡി) നിർമ്മാണ പ്രവർത്തനത്തിലെ അപാകതകൾ കൊണ്ടുമാത്രം റോഡുകൾ സഞ്ചാരയോഗ്യമല്ലാതായി തീർന്നതായി അറിവില്ല.

(ഇ) റോഡുകളുടെ നിർമ്മാണം കൂടുതൽ ശാസ്ത്രീയമാക്കാനും അതുവഴി റോഡുകളുടെ ഗുണനിലവാരം ഉയർത്തുവാനും കഴിയുമെന്ന് കരുതുന്നു. വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു.

204/2010.

LIBRARY ARCHIVES Kerala Legislative Assembly